ഉത്തരം

(എ) സ്കൂൾ കലോത്സവ മാന്വലിൽ ഈ വർഷം ചില മാറ്റങ്ങൾ വരുത്തിയിരുത്തിയിരുന്നെങ്കിലും, സംസ്കൃതോത്സവ മാന്വലിൽ മാറ്റങ്ങളൊന്നും വരുത്തിയിരുന്നില്ല. നിലവിലുള്ള സംസ്കൃതോത്സവ മാന്വൽ പ്രകാരം ചമ്പു പ്രഭാഷണത്തിന് പിന്നണി നിർബന്ധമില്ല. പിന്നണിക്കാരെ വെക്കുന്നുണ്ടെങ്കിൽ അവർ വിദ്യാർത്ഥികൾതന്നെ ആയിരിക്കണമെന്നും ഇല്ല.

(ബി) എറണാകുളം നായരമ്പലം ബി. വി. എച്ച്. എസ്.-ലെ സംസ്കൃതാദ്ധ്യാപിക ശ്രീമതി ജയശ്രീ ആയിരുന്നു സ്റ്റേജ് മാനേജർ. സ്കൂൾ കലോത്സവത്തിൽ പിന്നണിക്കാർ വിദ്യാർത്ഥികൾ തന്നെ ആയിരിക്കണമെന്ന് പുതുക്കിയ മാന്വൽ പ്രകാരം നിർബന്ധിതമാക്കിയതുകൊണ്ട് ചമ്പു പ്രഭാഷണത്തിന് പിന്നണിക്കാർ കുട്ടികൾ തന്നെ ആയിരിക്കണമെന്ന് അനൗൺസ് ചെയ്തതായി മത്സരങ്ങൾ പൂർത്തിയായതിനുശേഷം അറിയാൻ സാധിച്ചിരുന്നു. ഇതു സംബന്ധിച്ചുള്ള ഒരു പരാതിയും ജനറൽ കൺവീനറുടെ ശ്രദ്ധയിൽ ആരും കൊണ്ടുവന്നിരുന്നില്ല.

(സി) ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ചമ്പു പ്രഭാഷണത്തിന് പിന്നണി അനുവദിച്ചിരുന്നില്ല. ഇക്കാര്യത്തിൽ യാതൊരു പക്ഷഭേദവും സംഘാടകർ കാണിച്ചിരുന്നില്ല.

(ഡി) പാവണ്ടൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ജി. വന്ദനയുടെ രക്ഷിതാക്കൾ ഇക്കാര്യത്തിലുള്ള തീരുമാനത്തിനായി പ്രോഗ്രാം കമ്മിറ്റി കൺവീനറെ സമീപിച്ചിരുന്നു. പ്രോഗ്രാം കമ്മിറ്റി കൺവീനർ നിലവിലുള്ള മാന്വലിലെ വ്യവസ്ഥ അനുസരിച്ച് ചമ്പു പ്രഭാഷണത്തിന് പിന്നണി നിർബന്ധമില്ലെന്നും പിന്നണിക്കാരുണ്ടെങ്കിൽ അവർ വിദ്യാർത്ഥികൾ തന്നെ ആയിരിക്കണമെന്നില്ലെന്നും രക്ഷിതാക്കളെ ധരിപ്പിച്ചിരുന്നു. എന്നാൽ മത്സരത്തിൽ പങ്കെടുത്ത മറ്റ് വിദ്യാർത്ഥികളും രക്ഷിതാക്കളും അതത് ജില്ലകളെ പ്രതിനിധീകരിച്ച ടീം മാനേജർമാരോ ഇത്തരത്തിലുള്ള ഒരാവശ്യം ഉന്നയിക്കാത്ത സാഹചര്യത്തിൽ എല്ലാ ജില്ലകൾക്കും പൊതുവെ ബാധകമായ തീരുമാനം കൈക്കൊള്ളാൻ ഇടയായി.

(ഇ) എല്ലാ കുട്ടികളും മത്സരിത്തിൽ പങ്കെടുക്കുകയുണ്ടായി. സ്റ്റേജ് മാനേജരും സ്റ്റേജിൽ ഉണ്ടായിരുന്ന പ്രോഗ്രാം കമ്മിറ്റി അംഗങ്ങളും ആലോചിച്ച് ഈ തർക്കത്തിന്മേൽ തീരുമാനമെടുക്കേണ്ടതായിരുന്നു. കൂടാതെ ഇത് സംബന്ധിച്ചുള്ള ആക്ഷേപം യഥാസമയം ജനറൽ കൺവീനറുടെയോ പ്രഗ്രാം കമ്മിറ്റി കൺവീനറുടെയോ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നില്ല. അതുകൊണ്ട് സ്റ്റേജ് മാനേജർക്കെതിരെ ശിക്ഷണ നടപടിയെടുക്കാൻ നിർവ്വാഹമില്ല.

സ്കൂൾ ലൈബ്രറി വികസനം

32 [329] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, ചി. ടി. തോമസ്:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികൾ വികസിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട്; സ്കൂളുകളിൽ സി. ഡി. ലൈബ്രറികൾ പ്രാവർത്തികമാക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി എത്ര കാസറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്;

(ബി) എല്ലാ സ്കൂളുകൾക്കും ഈ സി. ഡി.-കൾ ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്കൂൾ ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി ഒരു സമയ ബന്ധിത പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ് അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കും. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പി. ടി. എ., ബാങ്കുകൾ, റോട്ടറി ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ ലൈബ്രറിക്ക് ആവശ്യമായ കെട്ടിടം, ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈബ്രറിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി യൂണിവേഴ്സിറ്റികളുടെ സഹകരണത്തോടെ ലൈബ്രറി മാനേജ്മെന്റിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു. കൂടാതെ നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികാടിസ്ഥാനത്തിൽ സ്കൂൾ ലൈബ്രേറിയൻമാരായി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ലൈബ്രറിക്ക് പ്രത്യേക പീരിയഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 14 ജില്ലകളിലേയും ലീഡ് സ്കൂളുകളിൽ മാതൃകാ ലൈബ്രറികൾ സജ്ജമാക്കുവാനും അവയുടെ പ്രയോജനം മറ്റു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കും. സംസ്ഥാന തലം, റവന്യൂ ജില്ലാതലം, ഉപജില്ലാ വിദ്യാഭ്യാസ തലം, എന്നീ തലങ്ങളിലെ മികച്ച ലൈബ്രറികൾ കണ്ടെത്തി അവയ്ക്കു സമ്മാനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ വായനാ മത്സരം, വായനാ വിളംബര ജാഥ, വായനാ സദസ്സ്, വായനാ കളരികൾ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സി. ഡി. ലൈബ്രറി പ്രോജക്ട് നടപ്പിലാക്കാനുദ്ദേശമുണ്ട്. ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള 150 വി. സി. ഡി. കാസറ്റ് ഇതിനായി തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും സി. ഡി. ലൈബ്രറി കിറ്റ് ലഭ്യമാക്കികൊണ്ടിരിക്കുന്നു.

അഖിലേന്ത്യാ നിലവാരമുള്ള മത്സര പരീക്ഷാ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി

33 [330] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷയിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിനായി യുവജനങ്ങളെ സജ്ജരാക്കുന്നതിന് അഖിലേന്ത്യാ നിലവാരമുള്ള ഒരു പരിശീലന കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly